


സ്വിറ്റ്സർലൻഡിലെ മുൻനിര മലയാളി സംഘടനകളിൽ ഒന്നായ ബി ഫ്രണ്ട്സ് സ്വിറ്റ്സർലൻഡ് ഡിസംബർ മാസം ഒൻപതാം തീയതി സൂറിച്ചിൽ വച്ച് പ്രസിഡന്റ് ശ്രീ പ്രിൻസ് കട്ട്രുകുടിയിലിന്റെ അധ്യക്ഷതയിൽ വാർഷിക പൊതുയോഗം കൂടുകയുണ്ടയി. ഈ യോഗത്തിൽവച്ച് സംഘടനയുടെ കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തനങ്ങളെ പൊതുയോഗം വിലയിരുത്തി.

തുടർന്ന് സംഘടനയെ അടുത്ത രണ്ടുവർഷം (2018 - 2019) നയിക്കാൻ കഴിവുറ്റ സാരഥികളെ തെരഞ്ഞെടുക്കുന്നതിൻെറ ഭാഗമായി പ്രെസിഡിങ് ഓഫീസർ ആയി ശ്രീ ബേബി തടത്തിലിനെയും സഹായി ആയി ശ്രീ ജോർജ് ദേവസ്യാ യെയും യോഗം ചുമതലപ്പെടുത്തി.



ശ്രീ ബിന്നി വെങ്ങപ്പള്ളിൽ പ്രസിഡന്റ് ആയും ശ്രീ ടോമി വിരുത്തിയേൽ ജനറൽ സെക്രട്ടറി ആയും ശ്രീ ജോയ് തടത്തിൽ ട്രീസറെർ ആയും യോഗം ഏകകണ്ഠേന തെരഞ്ഞെടുത്തു. വനിതകളുടെ പ്രതിനിത്യം ഉൾപെടുത്തി 14 അംഗ എക്സിക്യൂട്ടിവ് കമ്മിറ്റിയെയും യോഗത്തിൽ തെരഞ്ഞെടുത്തു.

പുതിയതായി സംഘടനയെ നയിക്കാൻ അധികാരമേറ്റ പ്രസിഡന്റ് ശ്രീ ബിന്നി വെങ്ങപ്പള്ളിൽ വാർഷിക പൊതുയോഗത്തിനു നന്ദി അറിയിച്ചു. സംഘടനയെ കൂടുതൽ ഉയർച്ചയിലേക്ക് നയിക്കാൻ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ അഭ്യർത്തിച്ചു.